ടിയാളുടെ സേവനകാലം ക്രമീകരിക്കുകയോ പ്രൊബേഷൻ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ആയതു കൂടാതെ ടിയാൾക്കെതിരെ വയനാട് ജില്ലയിൽ എൽ.ഡി.ക്ലാർക്ക് ആയിരുന്ന കാലയളവിലും സർക്കാർ പണം ദുരുപയോഗം ചെയ്തതിന് വയനാട് ജില്ലാ മെഡിക്കൽ ഓഫീസറും സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചതിന്റെ വെളിച്ചത്തിൽ 14-10-1998-ൽ സർവ്വീസിൽ പ്രവേശിച്ച ടിയാളെ റൂൾ 19 (എ) KS&SSR 1958 പ്രകാരവും റൂൾ 18 (11) KCS (CCA) 1960 പ്രകാരവും നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസറുടെ എ 1-12958/2012-ലെ 11-7-2014 ഉത്തരവ് പ്രകാരം 29-11-2012 മുതൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഉത്തരവായിട്ടുണ്ട്.

ആശുപത്രികളിലെ സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ

37 (8097) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എല്ലാ സർക്കാർ ജനറൽ ആശുപത്രികളും ജില്ലാ ആശുപത്രികളും താലൂക്ക് ആശുപത്രികളും മെഡിക്കൽ കോളേജുകളും സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ബി) എല്ലാ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിലും ട്രോമാകെയർ സേവനം ലഭ്യമാണോ ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും അത്യാഹിത വിഭാഗം പൂർണ്ണസജ്ജമായി പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ഡി) എല്ലാ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിലും ലബോറട്ടറി, ഫാർമസി, ബ്ലഡ് ബാങ്ക്, എക്സ്-റേ, ഇ.സി.ജി. മുതലായ സേവനങ്ങൾ എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്നരീതിയിൽ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ സർക്കാർ ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ നിലവിലില്ല. ആരോഗ്യവകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയ്ക്കനുസരിച്ചും സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾക്കനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) എല്ലാ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിലും ട്രോമാകെയർ സേവനം ലഭ്യമല്ല. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രികളിലെ ട്രോമാകെയർ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം നടപ്പുസാമ്പത്തിക വർഷം 530 ലക്ഷം രൂപ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന് വകയിരുത്തിയിട്ടുണ്ട്. കൂടാതെ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി റോഡ് സേഫ്റ്റി അതോറിറ്റിയും വിഹിതം നൽകുന്നുണ്ട്. ഈ തുകകൾ ഉപയോഗിച്ച് ട്രോമാകെയർ സംവിധാനം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുപോരുന്നു. സംസ്ഥാനത്തെ ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിലും ട്രോമാകെയർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ 31 താലൂക്ക് ആശുപത്രികളിൽ പൂർണ്ണസജ്ജമായ അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നില്ല. പ്രസ്തുത ആശുപത്രികളിൽ ടി സേവനം ലഭ്യമാക്കുന്നതിലേക്കായി ഡോക്ടർമാരുടെ തസ്തിക പുനർവിന്യാസംമുഖേന സൃഷ്ടിച്ചും പ്രാവർത്തികമാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) അടിസ്ഥാന സൗകര്യവും അധിക തസ്തികകളും ഏർപ്പെടുത്തുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

സർക്കാർ ആശുപത്രികളിലുണ്ടായ സംഘർഷത്തെ തുടർന്ന് മരണപ്പെട്ട രോഗികളുടെ എണ്ണം

38 (8098) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ സർക്കാർ ആശുപത്രികളിലുണ്ടായ സംഘർഷത്തെത്തുടർന്നും അക്രമത്തിനുവിധേയമായും എത്ര രോഗികൾ മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സർക്കാർ ആശുപത്രികളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly